# സഭാതലം

## പി.എസ്.ജയൻ

രാവിലെ നടന്ന പമ്പാ നദീതട അതോറിറ്റി ബില്ലിൻെറ ചർച്ച യിൽ, സഭയ്ക്കാകെ ഒറ്റ ആവശ്യമാ യിരുന്നു; എന്തുവില കൊടു ത്തും പമ്പയെ സംരക്ഷിക്കണം. പക്ഷേ പ്രശ്നം അതല്ല, അതോറി റ്റിയിൽ സർക്കാർ വച്ചിട്ടുള്ള വിദ ഗ്ധൻ ഡോ. മാത്യുകോശി പുന്ന ക്കാട്ടിൽ വെറും അക്കാദമീഷ്യ നാണ്. ഉപമ പ്രയോഗിച്ചാൽ സോനാ നായരെ ചലച്ചിത്ര അ ക്കാദമി വൈസ് ചെയർമാൻ ആ ക്കിയതുപോലെയൊരു നിയമ നം -ചർച്ച തുടങ്ങിയ വിഷ്ണുനാഥ് തൻെറ അഭിപ്രായം രേഖപ്പെടു ത്തി. ജലപദ്ധതികളിൽ വിദഗ്ധ നായ തിരുവഞ്ചൂർ രാധാകൃഷ്ണ നും ആ അവസരം മുതലാക്കി. ''അടൂരിൽ വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കാൻ ശ്രമിച്ച പ്പോൾ, അത് അവിടത്തെ സൂ ക്ഷ്മാണുക്കളുടെ ജീവിതത്തെ ബാധിക്കുമെന്ന് പറഞ്ഞയാളാ ണ് ഈ വിദഗ്ധൻ. അദ്ദേഹത്തി ൻെറ ഉപദേശം മറികടന്നുകൊ ണ്ട് വിശ്രമകേന്ദ്രം സ്ഥാപിച്ചെങ്കി ലും ഒരു സൂക്ഷ്മാണുവിൻെറ പോലും മൃതദേഹം ഇതുവരെ ക ണ്ടെടുത്തിട്ടില്ല. ഇതാണ് പുന്ന ക്കാട്ടിലിൻെറ കാടത്തം'' -തിരു വഞ്ചൂർ പറഞ്ഞു. എന്നാൽ അൽപ്പം പരിസ്ഥിതി തീവ്രവാദ മൊക്കെയുണ്ടെങ്കിലും പുന്ന ക്കാട്ടിൽ യഥാർത്ഥ വിദഗ്ധനാ ണെന്നും എൻവയോൺ മെൻറൽ കെമിസ്ട്രിയിൽ ഗവേ ഷണ ബിരുദം നേടിയയാളാ ണെന്നും മന്ത്രി പ്രേമചന്ദ്രൻ അറി യിച്ചപ്പോൾ പ്രതിപക്ഷത്തിനും സംഗതി ബോധ്യമായി. റിവർ എ ഫിഷ്യൻസി, ലാൻഡ് യൂട്ടിലിറ്റി തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധി ച്ചും റിവർബേസിനിലെ മാർജിന ലൈസ്ഡ് കമ്മ്യൂണിറ്റിയുടെ സോഷ്യോ ഇക്കണോമിക് ഡാറ്റ പഠിച്ചും വേണം നദി സംരക്ഷി ക്കേണ്ടത് എന്നായിരുന്നു വി. ഡി.സതീശൻെറ അഭിപ്രായം. ഈ വിഷയത്തിൽ സതീശൻെറ വൈദഗ്ധ്യം കണ്ട് ആര്യാടൻ മു ഹമ്മദ്പോലും കൈകൊടുത്തു. ഡാം സുരക്ഷാ അതോറിറ്റിയെ പ്പോലെ സുഖലോലുപതയുടെ സുഷുപ്തിയിൽ കിടന്നുറങ്ങുന്ന വരെപ്പോലെയാകരുത് നദീതട അതോറിറ്റിക്കാർ എന്ന് എം.മുര ളി മുന്നറിയിപ്പു നൽകി. ആനുവൽ ഡിസ്ചാർജിനെക്കുറിച്ച് പഠി ക്കാത്ത ഒരു ബില്ലും ബില്ലാകില്ലെ ന്ന് രാജാജി മാത്യുതോമസും പറ ഞ്ഞു. എല്ലാ കാര്യങ്ങളും ഉൾ ക്കൊണ്ട് വിശദമായ പഠനം മന്ത്രി പ്രേമചന്ദ്രൻ ഉറപ്പുനൽകി.